**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4487** **01-07-2024 - ൽ മറുപടിയ്ക്ക്**

**എച്ച്.റ്റി. വൈദ്യുത ലൈനുകൾ മാറ്റി സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ പുന്നപ്പറമ്പ് പ്രദേശത്തെ വീടുകളുടെ മുകളിലൂടെ അപകടകരമായ രീതിയിൽ കടന്നു പോകുന്ന എച്ച്.റ്റി. വൈദ്യുത ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി നൽകിയ നിവേദനത്തിൻമേൽ (439/എം (ഇല)/വി.ഐ.പി./ആർ.എൽ/2024) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ കോട്ടയ്ക്കൽ നഗരസഭയിൽ ഉൾപ്പെടുന്ന പുന്നപ്പറമ്പ് പ്രദേശത്തെ വീടുകളുടെ മുകളിലൂടെ അപകടകരമായ രീതിയിൽ കടന്നു പോകുന്ന HT വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി നൽകിയ നിവേദന ത്തിൻമേൽ KSEBL സെക്ഷനിൽ നിന്ന് പരിശോധന നടത്തുകയും ദശാബ്ദങ്ങളായി നിലനിന്നു വരുന്ന HT ലൈൻ മാറ്റി സ്ഥാപിക്കണമെങ്കിൽ കോട്ടക്കൽ ഇലക്ട്രിക്കൽ സെക്ഷനിൽ അപേക്ഷ നൽകണമെന്നും, പോസ്റ്റുകൾ, സ്റ്റേകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് വ്യക്തികളിൽ നിന്ന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഡെപ്പോസിറ്റ് തുക അടവാക്കുന്ന മുറയ്ക്ക് ലൈൻ മാറ്റി സ്ഥാപിക്കാവുന്നതാണെന്നും നിവേദനത്തിന് മറുപടി നൽകിയിട്ടുണ്ട്. നിലവിൽ പുന്നപറമ്പ് ഏരിയയിൽ HT ലൈനിന് നിയമപരമായ clearence ഉണ്ട്, സുരക്ഷ പ്രശ്നങ്ങൾ ഇല്ല. |
| (ബി) | അപകട ഭീഷണി ഉയർത്തുന്ന പ്രസ്തുത ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ പുന്നപറമ്പ് ഏരിയയിൽ HT ലൈനിന് നിയമപരമായ clearence ഉണ്ട്, സുരക്ഷ പ്രശ്നങ്ങൾ ഇല്ല. ഇവിടെ രണ്ട് ലൊക്കേഷനുകളിൽ കെട്ടിട ഉടമകൾ പിന്നീട് ട്രെസ് വർക്ക് ചെയ്തതു കാരണം LT clearence കുറഞ്ഞിട്ടുണ്ട്. സമീപകാലത്തു ഇത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ഉടമസ്ഥരെ അപകടാ വസ്ഥയെ കുറിച്ച് ബോധ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമകൾ ഇതുവരെയും ഷീറ്റുകൾ മാറ്റുകയോ ലൈൻ മാറ്റി സ്ഥാപിക്കാനുള്ള ഡെപ്പോസിറ്റ് തുക അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ അപകടാവസ്ഥയ്ക്ക്+ അടിയന്തിര പരിഹാരം എന്ന നിലയിൽ ഈ റൂട്ടിൽ 2 span LT ABC വലിക്കുന്ന പ്രവൃത്തി അറേഞ്ച് ചെയ്തിട്ടുണ്ട്, കൂടാതെ ജനവാസ മേഖലയിലൂടെ പോകുന്ന ഈ റൂട്ടിലെ 11 കെ.വി ലൈൻ HT ABC ഉപയോഗിച്ച് റീ കണ്ടക്ടറിംഗ് ചെയ്യാൻ മലപ്പുറം പാക്കേജ് പദ്ധതിയിൽ വർക്ക് |

| | | | |
|---|---|---|---|
| | | | ആയി ഉൾപ്പെടുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു കൊണ്ടിരിയ്ക്കുകയാണ്. |

സെക്ഷൻ ഓഫീസർ